306 (1486) വനിതാ വികസന കോർപ്പറേഷനിലെ മാനേജിംഗ് ഡയറക്ടറുടെ നിയമനം

ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. സി. മൊയീൻകുട്ടി :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനിതാ വികസന കോർപ്പറേഷനിൽ മാനേജിംഗ് ഡയറക്ടറായി നിയമിക്കപ്പെടുന്ന വ്യക്തി സെക്രട്ടേറിയറ്റിലെ ഡെപ്യൂട്ടി സെക്രട്ടറി റാങ്കിൽ ഉള്ള ഉദ്യോഗസ്ഥരായിരിക്കണമെന്ന് നിബന്ധനയുണ്ടോ;

(ബി) എങ്കിൽ ആ നിബന്ധന പാലിച്ചുകൊണ്ടാണോ ഇവിടത്തെ മാനേജിംഗ് ഡയറക്ടറുടെ നിയമനം നടത്തിയിട്ടുള്ളത്;

(സി) പ്രസ്തുത ഉദ്യോഗസ്ഥൻ മാനേജിംഗ് ഡയറക്ടർ ആയി നിയമനം ലഭിച്ചതുമുതൽ ഇതുവരെ കൈപ്പറ്റിയിട്ടുള്ള ശമ്പളം വിവിധ അലവൻസുകൾ തുടങ്ങിയവയുടെ കണക്ക് വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുത ഉദ്യോഗസ്ഥന്റെ നിയമനം സംബന്ധിച്ചുള്ള സർക്കാർ ഉത്തരവ് ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ആർട്ടിക്കിൾസ് ഓഫ് അസോസിയേഷനിലെ വ്യവസ്ഥകളനുസരിച്ചാണ് നിയമനം നടത്തിയിട്ടുള്ളത്.

(സി) മാനേജിംഗ് ഡയറക്ടർ ആയി നിയമനം ലഭിച്ച 1996 മുതൽ അതുവരെ കൈപ്പറ്റിയിട്ടുള്ള ശമ്പളത്തിന്റെ (വിവിധ അലവൻസുകൾ ഉൾപ്പെടെ) കണക്ക് താഴെ ചേർക്കുന്നു.

| | | |
|---|---|---|
| 1996-1997 | - | 62,081.00 രൂപ |
| 1997-98 | - | 1,30,761.75 രൂപ |
| 1998-99 | - | 1,46,480.00 രൂപ |
| 1999-2000 | - | 1,08,035.00 രൂപ |

(ഡി) പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.†

307 (1487) സാമൂഹ്യക്ഷേമ ഡയറക്ടറേറ്റിലെ ഉദ്യോഗസ്ഥന്റെ പേരിലുള്ള കേസ്സ്

ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമ ഡയറക്ടറേറ്റിലെ ഏതെങ്കിലും ഉദ്യോഗസ്ഥന്റെ പേരിൽ മൂന്നാർ പോലീസ് ക്രൈം നമ്പർ 82/95 ആയി കേസ്സ് രജിസ്റ്റർ ചെയ്തിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇദ്ദേഹത്തിന്റെ പേരിൽ വകുപ്പുതലത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ വിശദവിവരം നൽകുമോ?

ഉത്തരം

(എ)&(ബി) ഉണ്ട്.

(സി) ദേവികുളം ഐ.സി.ഡി.എസ്. പ്രോജക്ടിലെ വിരിപ്പാറ (സെന്റർ നം. 54) അംഗൻവാടി കെട്ടിടനിർമ്മാണത്തിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട അന്നത്തെ ശിശുവികസന പദ്ധതി ഓഫീസറായിരുന്ന ശ്രീ. കെ. കെ. ശിവശങ്കരൻ നായർക്കെതിരെ വകുപ്പുതലത്തിൽ നടപടി സ്വീകരിക്കുകയും ഡിപ്പാർട്ടുമെന്റ് ആവശ്യപ്പെട്ടതനുസരിച്ച് മൂന്നാർ പോലീസ് ക്രൈം നമ്പർ 82/95 ആയി കേസ്സ് രജിസ്റ്റർ ചെയ്ത് നടപടികൾ എടുക്കുകയും ചെയ്തുവരുന്നു.

**308 (1488) പുതിയ താലൂക്കുകൾ രൂപീകരിക്കുന്നതിന് നടപടി**

ശ്രീ. എൻ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ജനനിബിഡമായതും, ജനസംഖ്യ അധികരിച്ചതുമായ താലൂക്കുകൾ വിഭജിച്ച് പുതിയ താലൂക്കുകൾ രൂപീകരിക്കുന്നതിന് ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പുതിയ താലൂക്കുകൾ രൂപീകരിക്കുമ്പോൾ മുൻ ഗവൺമെന്റിന്റെ കാലത്ത് ഇതിലേക്ക് നിയോഗിച്ച ഉദ്യോഗസ്ഥൻമാരുടെ റിപ്പോർട്ട് പരിഗണിക്കുമോ;

(സി) പുതിയ താലൂക്കുകൾ രൂപീകരിക്കുന്നതിലേക്ക് എന്തെല്ലാം കാര്യങ്ങളാണ് അടിസ്ഥാനമായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) പുതിയതായി താലൂക്കുകൾ രൂപീകരിക്കുന്നകാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) പ്രസ്തുത റിപ്പോർട്ടും ഗവൺമെന്റിന്റെ സാമ്പത്തികസ്ഥിതിയുമെല്ലാംകൂടി പരിഗണിച്ച് ഉചിതമായ തീരുമാനമെടുക്കുന്നതാണ്.

(സി) ജനസംഖ്യ, ഭൂ വിസ്തൃതി, പിന്നോക്കാവസ്ഥ തുടങ്ങിയ കാര്യങ്ങളാണ് അടിസ്ഥാനമായി സ്വീകരിക്കാൻ ഉദ്ദേശിച്ചിരിക്കുന്നത്.

**309 (1491) റവന്യൂ യൂണിറ്റുകളുടെ പുനഃസംഘടന**

ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ യൂണിറ്റുകളുടെ പുനഃസംഘടന സംബന്ധിച്ച് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) പുനഃസംഘടന സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കുവാൻ സർക്കാർ ആരെയെങ്കിലും ചുമതലപ്പെടുത്തിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly